**കേരള സർക്കാർ**

**<u>സംഗ്രഹം.</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - വിനോദ നികുതി - ഗുരുവായൂർ നഗരസഭ-യുവധാര കലാകായിക സംഘം നടത്തുന്ന അഖിലേന്ത്യ സെവൻസ് ഫുട്ബോൾ ടൂർണമെന്റിന് വിനോദ നികുതി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

........................................................................................................................................

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്.**

സ.ഉ.(സാധാ).നം. 1216/2017/തസ്വഭവ. തിയതി, തിരുവനന്തപുരം, 18/04/2017

........................................................................................................................................

പരാമർശം :- 1) ഗുരുവായൂർ നഗരസഭയുടെ 08/03/2017 ലെ 12 -ാം നമ്പർ കൗൺസിൽ തീരുമാനം.

2) ഗുരുവായൂർ നഗരസഭാ സെക്രട്ടറിയുടെ 20/03/2017 ലെ ആർ 2/4539/17 നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ഗുരുവായൂർ നഗരസഭയിലെ ഇരിങ്ങപ്പുറം എന്ന സ്ഥലത്തുവെച്ച് 2017 ഏപ്രിൽ 15 മുതൽ മെയ് 15 വരെ യുവധാര കലാ കായിക സംഘം നടത്തുന്ന അഖിലേന്ത്യ സെവൻസ് ഫുട്ബോൾ ടൂർണമെന്റിന് 1961 ലെ കേരള ലോക്കൽ അതോറിറ്റീസ് എന്റെർടൈൻമെന്റ് ടാക്സ് ആക്ട് 7 (എ) വകുപ്പ് പ്രകാരം വിനോദനികുതി ഒഴിവാക്കി ഉത്തരവാകുന്നു. പൊതുജനത്തിന് നൽകുന്ന ടിക്കറ്റ് ചാർജിൽനിന്നും വിനോദ നികുതി ഒഴിവാക്കിയിട്ടുണ്ടെന്ന് ഗുരുവായൂർ നഗരസഭ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.)

**പാപ്പച്ചൻ എസ്സ്.**

**അണ്ടർ സെക്രട്ടറി**

**പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് വേണ്ടി**

സെക്രട്ടറി, യുവധാര കലാകായിക സംഘം, ഇരിങ്ങപ്പുറം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
സെക്രട്ടറി, ഗുരുവായൂർ നഗരസഭ
പ്രിൻസിപ്പൽ എ.ജി. (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ